**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**<u>പോലീസ് സേനയിലെ താഴെ തട്ടിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4263    17/05/2017-ൽ മറുപടിക്ക്**

**<u>ചോദ്യം</u>**

**ശ്രീ.വി.ഡി.സതീശൻ**

**,, കെ.മുരളീധരൻ**

**,, തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**,, അടൂർ പ്രകാശ്**

**<u>മറുപടി</u>**

**പിണറായി വിജയൻ**

**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാന പോലീസ് സേനയിലെ താഴെ തട്ടിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളിൽ സർക്കാരിന് പൂർണ്ണ സംതൃപ്തിയുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന പോലീസ് സേനയിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണെന്നു വിലയിരുത്തുന്നു. |
| (ബി) | പോലീസും ജനങ്ങളും തമ്മിലുള്ള അകലം കുറയ്ക്കുന്നതിന് പോലീസിന്റെ ഭാഗത്ത് നിന്നുണ്ടാകുന്ന നിരന്തര വീഴ്ചകൾ തടസ്സമാകുന്നുവെന്നത് വസ്തുതയാണോ; | (ബി) | പോലീസിന്റെ ഭാഗത്ത് നിന്ന് നിരന്തര വീഴ്ചകൾ ഉണ്ടായിട്ടില്ല. |
| (സി) | റെയിഞ്ച് അടിസ്ഥാനത്തിൽ പോലീസുദ്യോഗസ്ഥരുടെ യോഗം മുഖ്യമന്ത്രി വിളിച്ച് ചേർത്തിട്ടുണ്ടോ; | (സി) | വിളിച്ച് ചേർത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത യോഗങ്ങളിൽ മുഖ്യമന്ത്രിയുടെ പോലീസ് ഉപദേശകൻ പങ്കെടുക്കുകയും പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നേരിട്ട് നൽകുകയും ചെയ്യുന്നത് ശരിയാണോ | (ഡി) | ഇത്തരം നിർദ്ദേശങ്ങൾ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | സംസ്ഥാന പോലീസ് മേധാവി സ്ഥാനത്ത് ലോക് നാഥ് ബെഹ്റയെ നിയമിച്ച ഉത്തരവ് സുപ്രീംകോടതി റദ്ദാക്കിയശേഷവും 29.04.17- ൽ ചേർന്ന മേഖലാ പോലീസ് ഉദ്യോഗസ്ഥന്മാരുടെ യോഗത്തിൽ സംസ്ഥാന പോലീസ് മേധാവിയായ ബെഹ്റ പങ്കെടുത്തത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഇ) | സംസ്ഥാന പോലീസ് മേധാവി എന്ന നിലയിലാണ് ലോക് നാഥ് ബെഹ്റ 29.04.17- ൽ ചേർന്ന മേഖലാ പോലീസ് ഉദ്യോഗസ്ഥന്മാരുടെ യോഗത്തിൽ പങ്കെടുത്തത്. ശ്രീ. ടി.പി. സെൻകുമാറിനെ സംസ്ഥാന പോലീസ് മേധാവിയായി പുനർ നിയമിച്ചത് 06/05/2017-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. |

സെക്ഷൻ ഓഫീസർ